# സമ്പദ്ഘടനയിൽ 'സ്റ്റാഗ്ഫ്ലേഷൻ' കടുത്ത മാന്ദ്യം; ഇന്ത്യയിലേത് ഏറ്റവും വലിയ തകർച്ച

## ബി എ പ്രകാശ്

**(ജനുവരി 31, 2022 ൽ മനോര ഓൺലൈനിൽ പ്രസിദ്ധീകരിച്ച അഭിമുഖം)**

പ്രമുഖമായ 5 സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പു പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ഇത്തവണ കേന്ദ്ര സർക്കാർ ബജറ്റ് അവതരിപ്പിക്കുന്നത്കോവിഡി .ന്റെ മൂന്നാം തരംഗം ആഞ്ഞു വീശിക്കൊണ്ടിരിക്കുകയാണ്ആദ്യത്തെ രണ്ടു തരംഗങ്ങൾ സൃഷ്ടിച്ച . ആഘാതങ്ങളിൽ ഇന്ത്യൻ സമ്പദ്ഘടന കരക്കയറിയിട്ടുണ്ടോ? രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ പുരോഗതിയുണ്ടായെന്ന പ്രചാരണം ശക്തമാണ്. ഇതിനു പിന്നിലെ യാഥാർഥ്യങ്ങളെന്ത്? ഇന്ത്യൻ സമ്പദ്ഘടന എവിടെ നിൽക്കുന്നു? ഈ വിഷയങ്ങളെപ്പറ്റി സംസ്ഥാന പബ്ലിക് എക്പെൻഡിച്ചർ കമ്മിറ്റി, അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ എന്നിവയുടെ മുൻ അധ്യക്ഷനും സാമ്പത്തിക ശാസ്ത്രജ്ഞനുമായ ഡോ, ബിപ്രകാശ് മനോരമ ഓൺലൈനിനോടു സംവദിക്കുന് .എ.നു .

**ഏറ്റവും വലിയ സാമ്പത്തിക തകർച്ച**

സ്വാതന്ത്ര്യത്തിന് ശേഷമുണ്ടായ ഏറ്റവും വലിയ സാമ്പത്തിക തകർച്ചയുടെ സാഹചര്യത്തിലാണ് ഇത്തവണ കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്നത്വ്യാപകമായി ഇപ്പോഴും . കോവിഡ് മഹാമാരിയും അതു സൃഷ്ടിച്ച ചർച്ച ചെയ്യപ്പെടേണ്ടത് പ്രത്യാഘാതങ്ങളും തന്നെയാണ്അതിൽ നിന്ന് ഇന്ത്യൻ സമ്പദ്ഘടന കരകയറിയോയെന്നത് ഗൗരവമായി ചർച്ച . എല്ലാ സാമ്പത്തിക മേഖലയിലും പ്രവർത്തിക്ക .ചെയ്യേണ്ട വിഷയമാണ്ുന്നവർ വളരെ പ്രതീക്ഷയോടെ ഇതിന്റെ ഉത്തരം കാത്തിരിക്കുകയാണ് .

ഓഹരി കമ്പോള രംഗം വീണ്ടും കുതിച്ചുയരുമെന്ന പ്രതീക്ഷ ആ രംഗത്തുള്ളവർക്കുണ്ട്കമ്പോള സമ്പദ്ഘടന വീണ്ടും കുതിച്ചുയരുന്നതോടെ വീണ്ടും . കോവിഡ് മൂലം അടച്ചു .തൊഴിൽ നേടാമെന്നു കരുതുന്ന ലക്ഷക്കണക്കിനു ചെറുപ്പക്കാരുണ്ട് പൂട്ടിയ വ്യവസായങ്ങൾ വീണ്ടും തുറന്നു പ്രവർത്തിക്കുമെന്ന പ്രതീക്ഷവച്ചു പുലർത്തുന്നവരും കോവ .ഏറെയാണ്ിഡിനു ശേഷം രാജ്യത്ത് സാമ്പത്തിക വളർച്ച കൂടിയെന്ന പ്രചാരണം ശക്തമാണ്അതി .ന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ ബജറ്റിനെ സമീപിക്കാനാണു സാധ്യത. എന്നാൽ കോവിഡിനു മുൻപുള്ള ജിഡിപി തുകയിലേക്ക് രാജ്യം എത്തിയിട്ടില്ലെന്നതാണു വസ്തുതകോവിഡ് മഹാമാരി ഇന്ത്യക്ക് സ്വാത .ന്ത്ര്യം കിട്ടിയ ശേഷമുണ്ടായ ഏറ്റവും വലിയ സാമ്പത്തിക തകർച്ചയാണ്ഒരേ സമയം ആരോഗ് .യ തകർച്ചയും സാമ്പത്തിക തകർച്ചയുമാണ്ആരോഗ്യ .രംഗത്തെ തകർച്ച നേരിടാൻ നമുക്കു കഴിഞ്ഞു എന്നാൽ സാമ്പത്തിക .തകർച്ചയെ നേരിടാൻ നമുക്കു കഴിഞ്ഞിട്ടില്ലഅതിനെപ്പറ്റി . ലോകബാങ്കും .പഠിക്കാനോ വേണ്ടവിധം മനസ്സിലാക്കോനോ കഴിഞ്ഞില്ലെന്നതാണ് വസ്തുത

മറ്റു സംഘടനകളും പറയുന്നത് രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുണ്ടായ ഏറ്റവും വലിയ അതിനെപ്പറ്റി പഠിക്കാൻ കേന്ദ്ര സംസ് .സാമ്പത്തിക പ്രതിസന്ധിയാണിത്ഥാന സർക്കാരുകൾ ശ്രമിക്കേണ്ടിയിരിക്കുന്നു.

**സമ്പദ്ഘടന കരകയറിയെന്നത്  പ്രചാരണം മാത്രം**

ഇപ്പോൾ വ്യാപിച്ചു കൊണ്ടിരിക്കുന്ന ഒമിക്രോൺ എന്ന പുതിയ വകഭേദം വലിയ ആശങ്ക സൃഷ്ടിച്ചിരിക്കുന്നുഈ അവസ്ഥയിൽ കോവിഡ് തകർച്ചയിൽ നിന്ന് ഇന്ത്യൻ സമ്പദ്ഘടന . എത്രമാത്രം കരകയറിയെന്നു പരിശോധിക്കേണ്ടത് അത്യാവശ്യമാണ്നാഷനൽ . സ്റ്റാസ്റ്റിസ്റ്റിക്കൽ ഓഫിസ് പ്രസിദ്ധീകരിച്ച2020–2022 ലെ ജിഡിപി കണക്കുകളെ അടിസ്ഥാനമായി ഇതിന്റെ   ഉത്തരം തേടാം കോവിഡ് പൊട്ടിപുറപ്പെട്ട .2020–21 വർഷത്തിൽ മൊത്തം ആഭ്യന്തര വളർച്ച  (ജിഡിപി )7.3 ശതമാനം ഇടിഞ്ഞു. രാജ്യം അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യത്തിലേക്കു വഴുതി വീണു.

എന്നാൽ  2021–22 ലെ പ്രാഥമിക കണക്കുകൾ അനുസരിച്ച് ജിഡിപി വർധന 9.2 ശതമാനമായി വർധിച്ചു .ഈ കണക്കിന്റെ അടിസ്ഥാനത്തിലാണ് സമ്പദ്ഘടന കോവിഡ് തകർച്ചയിൽ നിന്നു കരകയറിയെന്ന വാദം കേന്ദ്ര സർക്കാരും മറ്റു സാമ്പത്തിക വിദഗ്ദരും ഉന്നയിക്കുന്നത്എന്നാൽ തകർച്ചയിൽ നിന്ന് ഇന്ത്യൻ സമ്പദ്ഘടന കരകറിയെന്ന വാദത്തിന് . തകർച്ചയിൽ നിന്ന്  .കാര്യമായ അടിസ്ഥാനമോ വസ്തുതകളുടെ പിൻബലമോ ഇല്ല ) കരകയറിയെന്നു പറയണമെങ്കിൽ കോവിഡിനു മുൻപുണ്ടായിരുന്ന ജിഡിപിയും2019–20) ഇപ്പോഴത്തെ ജിഡിപിയും  )2021–22) തമ്മിൽ താരതമ്യപ്പെടുത്തേണ്ടതുണ്ട് .

കോവിഡിന്റെ മുൻപുള്ള വർഷം ജിഡിപി145.69 ലക്ഷം രൂപയായിരുന്നത് 2021–22ൽ 147.53 ലക്ഷമായി വർധിച്ചു വർധന .(സ്ഥിരവിലയിൽ )1.26 ശതമാനം മാത്രംഈ ചെറിയ . മാറ്റത്തെ വലിയ ഒരു തിരിച്ചു വരവായി നമുക്കു കാണാൻ കഴിയില്ല.
കച്ചവടം, ഹോട്ടൽ, ഗതാഗതം, വാർത്താ വിനിമയം എന്നിവ ഉൾപ്പെടുന്ന സർവീസ് മേഖലയുടെ ജിവിഎ 2019-20നേക്കാൾ 2021–22ൽ കുറവായിരുന്നുപബ്ലിക് . അഡ്മിനിസ്ട്രേഷൻ,  ഡിഫൻസ് തുടങ്ങിയ മേഖലയുടെ ജിവിഎയും കുറവാണ്അതായത് . സമ്പദ്ഘടനയിലെ പല മേഖലയിലെയും ജിഡിപി പൂർവസ്ഥിതിയിലേക്ക് എത്തിയിട്ടില്ല . സാമ്പത്തിക മാന്ദ്യത്തിന്റെ ഒരു പ്രധാന സൂചികയായി നമ്മൾ കണക്കാക്കുന്നത് പ്രൈവറ്റ് ഫൈനൽ കൺസംപ്ഷൻ എക്സ്പൻഡിച്ചർ  2019–20ൽ  83.21 ലക്ഷം കോടി ആയിരുന്നത് 2021–22ൽ 80.80 കോടിയായി കുറഞ്ഞുആളുകൾ എത്രത്തോളം ഉപഭോഗത്തിനു . വേണ്ടി ചെലവാക്കുന്നു എന്നതിന്റെ സൂചികയാണിത്ജി .ഡിപിയിൽ ഇതിന്റെ വിഹിതം 2019– 20ൽ  57.1 ശതമാനം ആയിരുന്നത് 2021–22ൽ 54.8 ശതമാനമായി കുറഞ്ഞുസമ്പദ് ഘടന കട .ുത്ത മാന്ദ്യത്തിൽ തുടരുന്നതിന്റെ സൂചനകളാണിത്.

**വളർന്നത് കാർഷിക മേഖലമാത്രം**

സാമ്പത്തിക മേഖലകളിൽ കാർഷിക മേഖല മാത്രമാണ് തുടർച്ചയായി വളർന്നത് മറ്റു . മേഖലകളായ വ്യവസായം, ഫിനാൻസ്, റിയൽ എസ്റ്റേറ്റ്, നിർമാണം എന്നിവയുടെ വർധന കോവിഡിനു മുൻപുള്ള സ്ഥിതിയുമായി താരതമ്യപ്പെടുത്തിയാൽ നാമമാത്രമാണ്.

കോവിഡ് മഹാമാരിയുടെ വ്യാപനവും അതു തടയാൻ ഏർ്പ്പെടുത്തിയ നിയന്ത്രണങ്ങളും പല സാമ്പത്തിക മേഖലകളെയും തകർത്തു തരിപ്പണമാക്കിഅഭ .ൂതപൂർവമായ തകർച്ച നേരിട്ട ഒരു മേഖലയാണ് ചെറുകിട വ്യവസായ മേഖലമൈക്രോ സ്മാൾ മിഡിയം ) അസംഘടിത മേഖലയിൽ പ്രവർത്തിച്ചിരുന്ന ഭൂരിഭാഗം (എന്റർപ്രൈസസ് മേഖല .പേരുടെയും തൊഴിലവസരങ്ങൾ കോവിഡ് കാരണം ഗണ്യമായി കുറഞ്ഞു

**തകർച്ച നേരിട്ടത് ദരിദ്ര ജനവിഭാഗങ്ങൾ**

സമ്പദ്ഘടനയിൽ 'സ്റ്റാഗ്ഫ്ലേഷൻ' എന്ന പ്രതിഭാസം സൃഷ്ടിക്കപ്പെട്ടുഒരുവശത്ത് കടുത്ത . .സാമ്പത്തിക മാന്ദ്യവും മറുവശത്ത് കടുത്ത വിലക്കയറ്റവും ഉണ്ടാക്കുന്ന പ്രതിഭാസമാണിത് പെട്രോൾ, ഡീസൽ, പാചകവാതക എന്നിവയുടെ വിലയിൽ തുടർച്ചയായുണ്ടായ വർധനവാണ് വില വർധനവിന്റെ പ്രധാന കാരണംവ്യവസാ .യ നിർമാണ ഉൽപന്നങ്ങളുടെ വിലയിലും കാര്യമായ വർധനവുണ്ടായി ഉപഭോക്തൃവില സൂചികയിൽ .2021 ഡിസംബറിൽ 5.61 ശതമാനമായി വർധിച്ചു. ഇതുമൂലം തകർച്ച നേരിട്ടത് സാധാരണക്കാരും ദരിദ്ര ജന വിഭാഗങ്ങളുമാണ്അതി .ന്റെ ഗുണഫലങ്ങൾ അനുഭവിച്ചത് സമ്പന്നരും വലിയ ഉൽപാദകരുമാണ്വിലക്കയറ്റം ഉണ്ടാകുമ്പോൾ വലിയ കച്ചവടക്കാർക്കും ഉൽപാദകർക്കും . വലിയ ലാഭം കിട്ടുകയും വാങ്ങാൻ പോകുന്നവർക്കു കടുത്ത സമ്പദ്ഘടനയിൽ ഒരേ .ചെയ്യുമെന്നതിനാലാണിത് സംഭവിക്കുന്നത് നഷ്ടമുണ്ടാവുകയും സമയത്ത് മാന്ദ്യവും വിലക്കയറ്റവും ഉണ്ടാകുന്ന പ്രവണതയാണ് നിലനിൽക്കുന്നത്.

**രൂക്ഷമാണ് തൊഴിലില്ലായ്മ**

2021 ഡിസംബറിൽ പട്ടണ പ്രദേശത്തെ തൊഴിലില്ലായ്മ നിരക്ക് 9.3 ശതമാനമായി ഗ്രാമീണ തൊഴിലില്ലായ്മ നിരക്ക് 7.3 ശതമാനമായും വർധിച്ചുസെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ . എക്കോണമിയുടെ കണക്ക് പ്രകാരം60 ലകഷം സ്ഥിര സ്വഭാവമുള്ള മാസ ശമ്പളം ലഭിച്ചിരുന്ന ജോലികൾ 2021ൽ നഷ്ടപ്പെട്ടു ഇന്ത്യയിലെ ഒരു പ്രമുഖ വാരിക .2022 ജനുവരിയിൽ നടത്തിയ സർവേ ഫലം അനുസരിച്ച് കോവിഡ് ജനങ്ങളുടെ സാമ്പത്തിക നില വലിയ തോതിൽ തകർത്തുമൂന്നിലൊന്നോളം ജനങ്ങളുടെ സാമ്പത്തിക നില കോവിഡ് മോശമാക്കിയെന്നാണ് . സർവേയിൽ പങ്കെടുത്ത .ഒരു കണ്ടെത്തൽ45 ശതമാനം പേരും പറഞ്ഞത് തൊഴിലില്ലായ്മ അതിരൂക്ഷമാണെന്നാണ് കോവിഡ് മഹാമാരി കാരണം .64 ശതമാനം പേരുടെയും വരുമാനം ഇടിയുകയുണ്ടായി.

**സാമ്പത്തിക പ്രതിസന്ധി വിലയിരുത്തുന്നതിൽ പരാജയം**

മുകളിൽ പറഞ്ഞ വസ്തുതകൾ കാണിക്കുന്നത് ഇന്ത്യൻ സമ്പദ്ഘടന കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിൽ തുടരുന്നുവെന്നാണ്കോവിഡിന്റെ പുതിയ ഇനങ്ങളും . ഭാവിയിലെ വ്യാപന സാധ്യതയും അതു സൃഷ്ടിക്കുന്ന പ്രശ്നങ്ങളും അടുത്ത രണ്ടോമൂന്ോ വർഷം കൂടി തുടരാനാണു സാധ്യതകോവിഡിൽ നിന്നു സമ്പദ്ഘടന കരക്കയറിയെന്ന . .ചിന്താഗതി സാമ്പത്തിക രംഗത്തു പ്രവർത്തിക്കുന്നവരെ വഴിതെറ്റിക്കാനേ ഇടയാക്കൂ രാജ്യത്തിന്റെ സാമ്പത്തികം, ധനം,വികസനം എന്നിവയുടെ നയ രൂപീകരണത്തിന്

സാമ്പത്തിക നിലയെപ്പറ്റി വ്യക്തമായ രൂപം ആവശ്യമാണ്കോവിഡ് വിവിധ .
വേണ്ട പഠനങ്ങൾ നടത്തുന്നതിൽ രാജ്യത്തെ മേഖലകളിലുണ്ടാക്കിയ ആഘാതങ്ങളെപ്പറ്റി സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര ,സംസ്ഥാന സർക്കാരുകൾ എന്നിവ പരാജയപ്പെട്ടുവെന്നത് വസ്തുതയാണ്ഈ പശ്ചാത്തല .ത്തിലാണ് കേന്ദ്ര സർക്കാർ ബജറ്റ് അവതരിപ്പിക്കാൻ ഒരങ്ങുന്നത്അതിന് യാഥാർഥ്യ ബോധമുണ്ടാവുമോയെന്ന കാര്യത്തിൽ . .സംശയമുണ്ട്

കഴിഞ്ഞ ബജറ്റുകളിൽ പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകൾ ചില ഒറ്റപ്പെട്ട ചെറിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും കടുത്ത സാമ്പത്തിക തകർച്ചയെ നേരിടാൻ അതിലൂടെ കഴിഞ്ഞില്ല. സർക്കാരിന്റെ കടം പരിധി വിട്ടു കൂടിക്കൊണ്ടിരിക്കുകയാണെന്നതും വസ്തുതയാണ്. കോവിഡ് മൂലം പട്ടണങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട കോടിക്കണക്കിന് ആളുകൾ സ്വന്തം ഗ്രാമങ്ങളിലേക്ക് മടങ്ങിയിട്ടുണ്ട്. അവരുടെ സ്ഥിതിയെ പറ്റി നമ്മുക്ക് ഒന്നും അറിയില്ല. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസികളുള്ളതും പ്രവാസി വരുമാനം നെടുന്നതുമായ രാജ്യമാണ് ഇന്ത്യ. കോവിഡ് മൂലം മടങ്ങി വന്ന പ്രവാസികളുടെ കൃത്യമായ കണക്കു പോലും നമ്മുടെ കൈയിലില്ല എന്നതും ഓർമ വേണം.

**തയ്യാറാക്കിയത്**
**ആർ ശശി ശേഖർ**